പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9

25.04.2017 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണത്തിന്റെ അമിത വില നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.യു. ആർ. പ്രദീപ്**
**ശ്രീ.കെ. ദാസൻ**
**ശ്രീ.കെ.ഡി. പ്രസേനൻ**
**ശ്രീ.കെ.വി.വിജയദാസ്**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | അന്താരാഷ്ട്ര മാർക്കറ്റിൽ അസംസ്കൃത എണ്ണയ്ക്ക് കാര്യമായ നിരക്കിലുള്ള വിലക്കയറ്റം ഇല്ലാതിരിക്കുമ്പോഴും രാജ്യത്ത് സബ്സിഡിയില്ലാത്ത പാചക വാതകത്തിന് വൻതോതിൽ വില വർദ്ധിപ്പിച്ചതും ഡീസലിന്റെയും പെട്രോളിന്റെയും നീതീകരണമില്ലാത്ത തോതിലുള്ള വില വർദ്ധനവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ, സംസ്ഥാനത്ത് പൊതു വില വർദ്ധനവിന് കാരണമായി ട്ടുണ്ടോ എന്ന കാര്യം പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) പ്രത്യേക പരിശോധനയക്ക് വിധേയമാക്കിയിട്ടില്ല. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലു ണ്ടാകുന്ന വർദ്ധനവിന്റെ ഫലമായി ചരക്ക് കടത്ത് കൂലിയിൽ വർദ്ധനവ് ഉണ്ടാകുന്നതും അതിന് ആനുപാ തികമായി പൊതു വിപണിയിൽ വില വർദ്ധനവ് ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സാധനങ്ങളുടെ വിലക്കയറ്റ ത്തിന്റെയും നികുതി വർദ്ധനവിന്റെയും പേരിൽ ഹോട്ടലുകൾ ഭക്ഷണത്തിന് ക്രമാതീതമായി വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) അവശ്യ സാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിന് ആനുപാതി കമായി ഹോട്ടലുകളിൽ ഭക്ഷണത്തിന്റെ വിലയിൽ ചില ഇനങ്ങളിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ, ഹോട്ടൽ ഭക്ഷണത്തിന്റെ അമിത വില നിയന്ത്രി ക്കുന്നതിനും അമിത വില ഈടാക്കുന്ന വർക്കെതിരെ നടപടി സ്വീകരിക്കാനും സാധ്യമാകുമോ എന്നറിയിക്കാമോ ? | (സി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണ ത്തിന്റെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്ത ക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർബന്ധമുണ്ട്. ഇത് ഉറപ്പ് വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശി പ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധന ങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോ ധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗ സ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തു ന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ